**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2253 17.06.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്.

## മൺപാത്ര തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മൺപാത്ര തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;<br>(ബി) കളിമണ്ണിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി മണ്ണ് ഖനനം ചെയ്യുന്നതിന് ഇപ്പോഴുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) & (ബി) സംസ്ഥാനത്തെ മൺപാത്ര തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി മൺപാത്ര നിർമ്മാണ യൂണിറ്റുകളെ സഹായിക്കുന്നതിനും പുതിയ മൺപാത്ര നിർമ്മാണ / വിപണന യൂണിറ്റുകൾ ആരംഭിക്കുന്നതിനുമായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുള്ളതും ആയത് അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളതുമാണ്.<br><br>പരമ്പരാഗത മൺപാത്രനിർമ്മാണത്തിലേർപ്പെട്ടിരിക്കുന്നവർക്ക് കുലതൊഴിലിനാവശ്യമായ കളിമണ്ണ് ലഭ്യമാക്കുന്നതിനായി 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.<br><br>കളിമണ്ണിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായിസംസ്ഥാനത്തെ കളിമണ്ണ് ലഭ്യമായ പ്രദേശങ്ങളുടെ മാപ്പിങ് മൈനിങ് & ജിയോളജി വകുപ്പ് നടത്തിവരുന്നു |
| (സി) ഇറക്കുമതി ചെയ്യുന്ന കളിമണ്ണിന് പ്രത്യേക ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ; | (സി) കേരള മൂല്യ വർദ്ധിത നികുതി നിയമമനുസരിച്ച് കളിമണ്ണിന്റെ നികുതി നിരക്ക് 5% ആണ്. ഈ നിയമമനുസരിച്ച് സാധനങ്ങൾക്ക് മേലാണ് നികുതി ചുമത്തുന്നത്. അല്ലാതെ സംസ്ഥാനത്തിന്റെ പുറത്തുപോകുന്നവ, ഇറക്കുമതി ചെയ്യുന്നവ എന്ന മാനദണ്ഡത്തിലല്ല. |
| (ഡി) സ്ത്രീ തൊഴിലാളികളുൾപ്പെടെ അസംഘടിതരും സാമുദായികമായി കുലത്തൊഴിൽ ചെയ്യുന്നതുമായ മൺപാത്ര തൊഴിലാളികൾക്ക് ക്ഷേമനിധിയും, പെൻഷനും, പ്രത്യേക സംവരണവും ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ? | (ഡി) കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്കായി കേരള കളിമൺപാത്ര തൊഴിലാളി ക്ഷേമപദ്ധതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. പ്രസ്തുത പദ്ധതിയിൽ നിന്നും 10 വർഷത്തെ അംഗത്വ കാലാവധിയോടു |

കൂടി 60 വയസ് പൂർത്തിയാക്കി റിട്ടയർ ചെയ്യുന്നവർക്ക് കേരള അസംഘടിത റിട്ടയേർഡ് തൊഴിലാളി പെൻഷൻ പദ്ധതി 2008 പ്രകാരം തൊഴിൽ വകുപ്പ് മുഖേന പെൻഷൻ നൽകി വരുന്നുണ്ട്. സാമുദായിക മായി കലത്തൊഴിൽ ചെയ്യുന്ന മൺപാത്ര തൊഴിലാളികൾക്ക് പ്രത്യേക സംവരണം അനുവദിക്കുന്നകാര്യം ഇപ്പോൾ സർക്കാ രിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ